<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനെട്ടാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിട്ട** **06.02.2020 ൽ മറുപടിക്ക്**

**ചോദ്യം നം. 108**

## മത്സ്യത്തൊഴിലാളികൾക്കുള്ള സുരക്ഷാ പദ്ധതികൾ

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**,, വി.എസ്.ശിവകുമാർ**<br>**,, കെ.എസ്.ശബരീനാഥൻ**<br>**,, അനൂപ് ജേക്കബ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരന്തം നടന്ന് രണ്ട് വർഷം കഴിഞ്ഞിട്ടും കടലിൽ പോകുന്നവരുടെ പേരുവിവര ങ്ങൾ ശേഖരിക്കുവാൻ ഫെസിലി റ്റേഷൻ കേന്ദ്രങ്ങളിൽ കിയോസ്കുകൾ സ്ഥാപിക്കുവാ നോ ബയോമെട്രിക് കാർഡ് ഉപയോഗിച്ച് പഞ്ച് ചെയ്യുന്ന രീതി നടപ്പിലാക്കുവാനോ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (എ) | മത്സ്യബന്ധനത്തിനായി കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ ഫിഷറീസ് വകുപ്പ് NIC യുടെ സഹായത്താൽ വികസിപ്പിച്ചെടുക്കുകയും പ്രധാനപ്പെട്ട 50 ഹാർബർ/ഫിഷ് ലാന്റിംഗ് സെന്ററുകളിൽ നടപ്പിലാക്കി വരികയുമാണ്. ഇതു വരെ 16834 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളെ ഫേഷ്യൽ റെക്കഗ്നിഷൻ വഴി തിരിച്ചറിയുന്നതിനുള്ള സംവിധാനം മുനമ്പം ഹാർബറിൽ പരീക്ഷണാർത്ഥം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സാഗര ആപ്ലിക്കേഷൻ പ്രാവർത്തികമാക്കണമെങ്കിൽ ആൻഡ്രോയ്ഡ് സംവിധാ നമുള്ള ഫോൺ വേണമെന്നതുൾപ്പെടെയുള്ള സാങ്കേതിക പ്രശ്നങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കണമെങ്കിൽ ആൻഡ്രോയിഡ് മൊബൈൽ ഫോൺ ആവശ്യമാണ്. ഇതിനകം 16834 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞിട്ടുള്ളതിനാൽ മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും ആൻഡ്രോയിഡ് ഫോണുകൾ ഉപയോഗിക്കുന്നവരാണെന്ന് മനസ്സിലാക്കാവുന്നതാണ്. |
| (സി) | ആശയവിനിമയങ്ങൾക്കായി ഉപയോഗിക്കുന്ന നാവിക് ഉപകരണം വിജയപ്രദമാണോ; ഇതിനകം എത്രപേർക്ക് ഇത് വിതരണം ചെയ്തു; മത്സ്യത്തൊഴിലാളികളിൽ നിന്നും ഇതിനായി | (സി) | നാവിക് ഉപകരണം വഴി മത്സ്യത്തൊഴിലാളികൾക്ക് കടലിൽ 1500 കിലോമീറ്റർ അകലെ വരെ സന്ദേശങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് തിരികെ സന്ദേശങ്ങൾ കൈമാറാൻ കഴിയുന്ന വിധം നാവിക് |

| | | | |
|---|---|---|---|
| | എന്ത് തുക ഈടാക്കിയെന്ന് അറിയിക്കാമോ? | | ഉപകരണങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ISRO സ്വീകരിച്ച് വരികയാണ്. ആയത് ലഭ്യമാകുമ്പോൾ മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണങ്ങൾ കൂടുതൽ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. 923 മത്സ്യത്തൊഴിലാളികൾക്ക് ഇതിനകം നാവിക് ഉപകരണം വിതരണം ചെയ്തിട്ടുണ്ട്. ഓരോ മത്സ്യത്തൊഴിലാളികളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 1500/- രൂപ വീതം ഈടാക്കിയാണ് നാവിക് ഉപകരണം വിതരണം ചെയ്തിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**